# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

പതിമൂന്നാം കേരള നിയമസഭ
പത്താം സമ്മേളനം
2014 ജനുവരി 6, തിങ്കൾ
നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങൾ
(ആകെ ചോദ്യങ്ങൾ- 30)

<u>മറുപടി നൽകുന്ന മന്ത്രിമാർ</u>

മുഖ്യമന്ത്രി

മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി

ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി

പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി

## ട്രെയിനിൽ യാത്രചെയ്യുന്ന സ്ത്രീയാത്രക്കാരുടെ സുരക്ഷ

*1 ശ്രീ. പി. കെ. ബഷീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ട്രെയിനിലെ വനിതാ യാത്രക്കാരുടെ സുരക്ഷയ്ക്കായി ആഭ്യന്തരവകുപ്പ് എന്തെല്ലാം നടപടികളാണു സ്വീകരിച്ചിട്ടുള്ളത്; വ്യക്തമാക്കുമോ;

(ബി) ആയുധമേന്തിയ വനിതാ പോലീസുകാർ വനിതാ കമ്പാർട്ട്മെന്റിലുണ്ടായിരിക്കണമെന്നുള്ള വ്യവസ്ഥ ഉറപ്പുവരുത്താൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) യാത്രക്കാരുടെ സുരക്ഷ ഉറപ്പാക്കുന്നതിനായി രാത്രികാലങ്ങളിൽ റെയിൽവേ സ്റ്റേഷൻ പരിസരങ്ങളിൽ പോലീസ് പട്രോളിംഗ് ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്കപരിപാടിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ</u>

*2 ശ്രീ. റോഷി അഗസ്റ്റിൻ
'' പി. സി. ജോർജ്
'' എം. വി. ശ്രേയാംസ് കുമാർ
ഡോ. എൻ. ജയരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ രണ്ടാംഘട്ട ജനസമ്പർക്ക പരിപാടിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ എന്തെല്ലാമായിരുന്നു;

(ബി) ജനങ്ങൾക്കു അവരുടെ അർഹതപ്പെട്ട ആനുകൂല്യങ്ങളും ആവശ്യങ്ങളും യഥാസമയം ലഭ്യമാക്കുന്നതിന് നിലവിലുള്ള ചട്ടങ്ങളും നിയമങ്ങളും തടസ്സമാകുന്നുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത ചട്ടങ്ങളും നിയമങ്ങളും കാലോചിതമായി പരിഷ്ക്കരിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്നു വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

യുവജനനയം

*3 ശ്രീ. പി. സി. വിഷ്ണുനാഥ്
,, ഹൈബി ഈഡൻ
,, ഷാഫി പറമ്പിൽ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) യുവജനനയം പ്രഖ്യാപിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) യുവജനങ്ങളുടെ ക്ഷേമത്തിന് എന്തെല്ലാം കാര്യങ്ങളാണ് നയത്തിൽ ഉൾപ്പെടുത്തിയിട്ടുള്ളത്; വിശദമാക്കുമോ;

(സി) നയം നടപ്പാക്കുന്നതിന് ഭരണതലത്തിൽ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നു വിശദമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

**കസ്തൂരിരംഗൻ റിപ്പോർട്ട് സംബന്ധിച്ച പുതുക്കിയ കേന്ദ്ര ഉത്തരവ്**

*4 ശ്രീ. ഐ. സി. ബാലകൃഷ്ണൻ
,, സണ്ണി ജോസഫ്
,, പാലോട് രവി
,, കെ. ശിവദാസൻ നായർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പശ്ചിമഘട്ട സംരക്ഷണത്തിനുള്ള കസ്തൂരിരംഗൻ റിപ്പോർട്ട് നടപ്പിലാക്കുന്നത് സംബന്ധിച്ച് മുൻപ് ഇറക്കിയ കേന്ദ്ര ഗവൺമെന്റ് ഉത്തരവിൽ മാറ്റം വരുത്തിയതായി അറിയാമോ;

(ബി) മാറ്റങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാമാണ്;

(സി) പരിസ്ഥിതിലോല മേഖലകളുടെ അതിരുകളെകുറിച്ച് സംസ്ഥാനങ്ങൾ നേരിട്ട് പഠനം നടത്തി ഭേദഗതി നിർദ്ദേശിക്കാൻ എന്തെല്ലാം കാര്യങ്ങളാണ് പുതിയ ഉത്തരവിൽ വ്യക്തമാക്കിയിട്ടുള്ളത്;

(ഡി) കസ്തൂരിരംഗൻ റിപ്പോർട്ടിനെക്കുറിച്ച് ജനങ്ങളുടെ ഇടയിലുള്ള ആശങ്കകൾ അകറ്റാൻ എന്തെല്ലാം കാര്യങ്ങൾ ചെയ്തിട്ടുണ്ട്; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>മാവോയിസ്റ്റ് സാന്നിധ്യം</u>

*5 ശ്രീ. പി. ബി. അബ്ദുൾ റസാക്

,, സി. മമ്മൂട്ടി

,, സി. മോയിൻകുട്ടി

,, വി. എം. ഉമ്മർ മാസ്റ്റർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വടക്കൻ മേഖലയിൽ ഉള്ളതായി പറയപ്പെടുന്ന മാവോയിസ്റ്റ് സാന്നിധ്യം നിരീക്ഷിക്കാനും, അവരുടെ പ്രവർത്തനം തടയാനും ആവശ്യമായ മുൻകരുതൽ സ്വീകരിച്ചിട്ടുണ്ടോ;

(ബി) വനമേഖലയിൽ ഇവരുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും, നിയന്ത്രിക്കുന്നതിനും വനം വകുപ്പുദ്യോഗസ്ഥരുടെ സേവനം കൂടി ഉപയോഗപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്;

(സി) ആദിവാസി ഗോത്ര മേഖലകളിൽ ഇവർ നുഴഞ്ഞു കയറി സാമൂഹ്യ പ്രശ്നങ്ങൾ സൃഷ്ടിക്കാതിരിക്കാൻ പട്ടികജാതി പട്ടിക വർഗ്ഗ വകുപ്പ്, തദ്ദേശസ്വയംഭരണ വകുപ്പ്, സാമൂഹ്യക്ഷേമവകുപ്പ് തുടങ്ങിയ വകുപ്പുകളിലെ ഉദ്യോഗസ്ഥന്മാരുടെ ഏകോപിതമായ പ്രവർത്തനം ഉറപ്പുവരുത്തി ആ മേഖലയുടെ സമഗ്ര വികസനം നടത്താനുള്ള നടപടികൾ സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>ആറന്മുള വിമാനത്താവളനിർമ്മാണത്തിന് പരിസ്ഥിതി അനുമതി</u>

*6 ശ്രീ. ജി. സുധാകരൻ
,, എം. എ. ബേബി
,, കെ. സുരേഷ് കുറുപ്പ്
ശ്രീമതി പി. അയിഷാ പോറ്റി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ആറന്മുള വിമാനത്താവളനിർമ്മാതാക്കൾ കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തെ തെറ്റിദ്ധരിപ്പിച്ചും, നിർണ്ണായകവിവരങ്ങൾ മറച്ചുവെച്ചും പരിസ്ഥിതി അനുമതി വാങ്ങിയതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെ.ജി.എസ്. ഗ്രൂപ്പ് കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തിനു സമർപ്പിച്ച സാദ്ധ്യതാപഠനറിപ്പോർട്ട് വാസ്തവവിരുദ്ധമാണെന്ന ആക്ഷേപം പരിശോധിച്ചിട്ടുണ്ടോ; സംസ്ഥാനത്തെ ഏതെങ്കിലും ഏജൻസി പ്രസ്തുത റിപ്പോർട്ട് കണ്ടിട്ടുണ്ടോ;

(സി) പഠനറിപ്പോർട്ട് വഴി കമ്പനി അവകാശപ്പെട്ട കാര്യങ്ങൾ വസ്തുതാപരമാണോ എന്ന കാര്യം പരിശോധിക്കപ്പെട്ടിട്ടുണ്ടോ; നിജസ്ഥിതി പരിശോധിക്കാതെയാണ് പരിസ്ഥിതി മന്ത്രാലയം വിമാനത്താവളത്തിന് അനുമതി നൽകിയതെന്ന ആരോപണം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ, ഇപ്പോൾ പുറത്തുവന്നിട്ടുള്ള വസ്തുതകളുടെ അടിസ്ഥാനത്തിൽ കേന്ദ്ര വനം–പരിസ്ഥിതി മന്ത്രാലയത്തിന്റെ ശ്രദ്ധ ക്ഷണിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>വർഗ്ഗീയ സംഘർഷങ്ങൾ ഇല്ലാതാക്കാൻ നടപടി</u>

*7 ശ്രീ. ജെയിംസ് മാത്യു
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. പുരുഷൻ കടലുണ്ടി
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വർഗ്ഗീയ സംഘർഷങ്ങൾ രാജ്യത്തെ ജനാധിപത്യ വ്യവസ്ഥയ്ക്ക് വെല്ലുവിളി ഉയർത്തുന്നതായ ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സംസ്ഥാനത്ത് സാമുദായിക ധ്രുവീകരണത്തിനിടയാക്കുന്ന തരത്തിലുള്ള നടപടികൾ ഇല്ലാതാക്കാൻ സർക്കാർ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) സർക്കാരിന്റെ തന്നെ നടപടികൾ സാമുദായിക ധ്രുവീകരണത്തിനിടയാക്കുന്നുവെന്ന ആക്ഷേപങ്ങൾ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ സർക്കാരിന്റെ കാലത്ത് റിപ്പോർട്ടു ചെയ്യപ്പെട്ട വർഗ്ഗീയ സംഘർഷങ്ങൾ ഏതൊക്കെയായിരുന്നു; വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

<u>സംയോജിത മത്സ്യഗ്രാമവികസന പദ്ധതി</u>

*8 ശ്രീ. പി.എ. മാധവന്‍
'' അന്‍വര്‍ സാദത്ത്
'' വര്‍ക്കല കഹാര്‍
'' സണ്ണി ജോസഫ്

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) സംയോജിത മത്സ്യഗ്രാമവികസന പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) എന്തെല്ലാം ലക്ഷ്യങ്ങളാണ് ഇതുവഴി കൈവരിക്കാനുദ്ദേശിക്കുന്നത്;

(സി) എത്ര മത്സ്യഗ്രാമങ്ങളിലാണ് ഈ പദ്ധതി നടപ്പാക്കാനുദ്ദേശിക്കുന്നത്;

(ഡി) എന്തെല്ലാം അടിസ്ഥാന സൗകര്യങ്ങളാണ് ഈ പദ്ധതി വഴി മത്സ്യതൊഴിലാളികള്‍ക്ക് ലഭിക്കുന്നത്;വിശദാംശങ്ങള്‍ വ്യക്തമാക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>ഭരണ സംവിധാനങ്ങളുടെ പ്രവർത്തന രീതി</u>

*9 ശ്രീ. കോടിയേരി ബാലകൃഷ്ണൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
ഡോ. കെ. ടി. ജലീൽ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വിവിധ തലങ്ങളിലുള്ള ഭരണ സംവിധാനങ്ങളുടെ പ്രവർത്തന രീതി വിലയിരുത്തിയിട്ടുണ്ടോ; ഭരണ സംവിധാനങ്ങളാകെ നിശ്ചലമായിരിക്കുന്നുവെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ; ഇന്നത്തെ നിലയിൽ നിന്നും മാറ്റം വരുത്താൻ എന്തെങ്കിലും നടപടി സ്വീകരിക്കാനുദ്ദേശിക്കുന്നുണ്ടോ; സിവിൽ സർവ്വീസ് ശക്തമാക്കുന്നതിന് നടത്തിയ ഏതെങ്കിലും ശ്രമങ്ങൾ പരാജയപ്പെട്ടുപോയിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കുള്ള അധികാരം കുറേക്കൂടി വികേന്ദ്രീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ; നൽകിയ അധികാരം വീണ്ടെടുക്കാതിരിക്കുന്നതിനുള്ള നടപടി സ്വീകരിക്കാമോ;

(സി) വില്ലേജ് ഓഫീസർ മുതൽ വകുപ്പു മന്ത്രി വരെയുള്ള ഏതെങ്കിലും തലങ്ങളിൽ ഏതെങ്കിലും അധികാരങ്ങൾ ഡെലിഗേറ്റ് ചെയ്യാനുദ്ദേശിക്കുന്നുണ്ടോ; മുഖ്യമന്ത്രിയുടെ ഏതെല്ലാം അധികാരങ്ങൾ വികേന്ദ്രീകരിക്കാനുദ്ദേശിക്കുന്നു;

(ഡി) കേന്ദ്രീകരിക്കപ്പെട്ട അധികാരം ജനസമ്പർക്കത്തിന്റെയും മറ്റും പേരിൽ അവശരേയും ആലംബഹീനരേയും വിളിച്ചുവരുത്തി വിനിയോഗിക്കുന്നതിന് പകരം ഭരണ നിർവ്വഹണ സംവിധാനങ്ങളെ കാര്യക്ഷമമാക്കി വിനിയോഗിക്കാൻ തയ്യാറാകുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

**കസ്തൂരിരംഗന്‍ റിപ്പോര്‍ട്ടിന്മേല്‍ ശുപാര്‍ശകള്‍ നല്‍കാനുള്ള വിദഗ്ദ്ധ സമിതി**

*10 ശ്രീ. മുല്ലക്കര രത്നാകരന്‍
,, സി. ദിവാകരന്‍
ശ്രീമതി ഇ. എസ്. ബിജിമോള്‍
ശ്രീ. കെ. രാജു

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) കസ്തൂരിരംഗന്‍ റിപ്പോര്‍ട്ട് സംസ്ഥാനത്ത് നടപ്പാക്കുന്നതിനുവേണ്ടിയുള്ള ശുപാര്‍ശകള്‍ നല്‍കുന്നതിന് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിച്ചിട്ടുണ്ടോ ; ഉണ്ടെങ്കില്‍ സമിതിയുടെ റിപ്പോര്‍ട്ട് ലഭിച്ചിട്ടുണ്ടോ ; റിപ്പോര്‍ട്ടിലെ പ്രധാന ശുപാര്‍ശകള്‍ എന്തെല്ലാമാണ് ;

(ബി) ഇ.എഫ്.എല്‍. നിയമം ഭേദഗതി ചെയ്യണമെന്ന് ശുപാര്‍ശ നല്‍കിയിട്ടുണ്ടോ ;

(സി) വിദഗ്ദ്ധ സമിതിയുടെ പരിഗണനാ വിഷയങ്ങളില്‍ ഇ.എഫ്.എല്‍. നിയമം ഉള്‍പ്പെട്ടിട്ടുണ്ടോ ;

(ഡി) ഇ.എഫ്.എല്‍. നിയമപ്രകാരം എത്ര ബീറ്റുകളിലായി എത്ര ഹെക്ടര്‍ ഭൂമിയാണ് വിജ്ഞാപനം ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>രണ്ടാംഘട്ട ജനസമ്പർക്കപരിപാടിയുടെ നേട്ടങ്ങൾ</u>

*11 ശ്രീ. റ്റി. യു. കുരുവിള
,, മോൻസ് ജോസഫ്
,, സി. എഫ്. തോമസ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) മുഖ്യമന്ത്രിയുടെ ജനസമ്പർക്കപരിപാടിയുടെ രണ്ടാംഘട്ടത്തിലൂടെ പൊതുജനങ്ങൾക്കു ലഭ്യമായ സേവനങ്ങൾ എന്തെല്ലാമെന്നു വ്യക്തമാക്കുമോ;

(ബി) ഇത്തരം ജനസമ്പർക്കപരിപാടി രണ്ടുവർഷത്തിലൊരിക്കൽ നടത്തുന്നതിന് ആവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(സി) ജനസമ്പർക്കപരിപാടിയിൽ ഉയർന്നുവന്നിട്ടുള്ള അഭിപ്രായം പരിഗണിച്ചു സർക്കാർ ഓഫീസുകളുടെ പ്രവർത്തനം നിരീക്ഷിക്കുന്നതിനും മറ്റും 'സർപ്രൈസ് ഇൻസ്പെക്ഷൻ' നടത്തുന്നതിനു നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കുമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>നീര ഉൽപ്പാദനം</u>

*12 ശ്രീ. ജോസഫ് വാഴക്കൻ
,, എ. പി. അബ്ദുള്ളക്കുട്ടി
,, വി. ഡി. സതീശൻ
,, പാലോട് രവി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നീര ഉല്പാദനം ആരംഭിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ടോ; വിശദമാക്കാമോ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തൊക്കെയാണ്;

(സി) നീര ഉല്പാദനം സംസ്ഥാനത്ത് എങ്ങനെ നടപ്പാക്കാനാണ് ഉദ്ദേശിച്ചിട്ടുള്ളത്;

(ഡി) ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പരമ്പരാഗത മത്സ്യതൊഴിലാളികളുടെ ക്ഷേമം</u>

*13 ശ്രീ. അബ്ദുറഹിമാൻ രണ്ടത്താണി
,, കെ. എൻ. എ. ഖാദർ
,, എം. ഉമ്മർ
,, കെ. എം. ഷാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പരമ്പരാഗത മത്സ്യത്തൊഴിലാളികളുടെ സാമൂഹിക-സാമ്പത്തിക സ്ഥിതി പഠിക്കുന്നതിനും, അവരുടെ ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും സ്വീകരിച്ചു വരുന്ന നടപടികളുടെ വിശദവിവരം നല്കാമോ;

(ബി) പരമ്പരാഗത മത്സ്യബന്ധന മേഖലയ്ക്ക് ഹാനികരമായ വിധത്തിലുള്ള ട്രോളിംഗ് നിയന്ത്രിക്കാൻ എന്തെല്ലാം മുൻകരുതലുകളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഇവർക്ക് കുറഞ്ഞ നിരക്കിൽ മണ്ണെണ്ണ ലഭ്യമാക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഏർപ്പെടുത്തിയിട്ടുള്ളത്; അർഹത നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡമെന്താണ്; വിശദമാക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>ലൈംഗിക പീഡനക്കേസുകളിൽ മൊഴി രേഖപ്പെടുത്തൽ</u>

*14 ശ്രീമതി കെ.കെ. ലതിക
ശ്രീ.പി. ശ്രീരാമകൃഷ്ണൻ
ശ്രീ.ബാബു എം. പാലിശ്ശേരി
,, എം. ചന്ദ്രൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ലൈംഗിക പീഡനക്കേസുകളിൽ ഉൾപ്പെടെ ഇരകളുടെയും സാക്ഷികളുടെയും മൊഴി രേഖപ്പെടുത്താൻ മജിസ്ട്രേറ്റിനെ ചുമതലപ്പെടുത്തണമെന്ന അഭിപ്രായം സർക്കാരിനുണ്ടോ;

(ബി) ഇതിനായി ക്രിമിനൽ നടപടി ചട്ടങ്ങളിൽ ഭേദഗതി കൊണ്ടുവരാൻ ഉദ്ദേശിക്കുന്നുണ്ടോ;

(സി) അന്വേഷണ ഏജൻസികളുടെ സമ്മർദ്ദമോ, പ്രേരണയോ മറ്റ് ഇടപെടലുകളോ മൂലം മൊഴി രേഖപ്പെടുത്താതിരിക്കുന്നതും ഭീഷണികൾക്ക് വഴങ്ങി വ്യാജമൊഴി കൊടുക്കുന്നതും സംസ്ഥാനത്ത് ആവർത്തിക്കപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ഡി) ക്രിമിനൽ നടപടി ചട്ടങ്ങളിൽ ഭേദഗതി വരുത്തുമ്പോൾ നിർവ്വഹണ ഏജൻസികൾ ഉൾപ്പെടെ അധികാര കേന്ദ്രങ്ങളാൽ സമ്മർദ്ദത്തിലാകുന്ന സാഹചര്യങ്ങൾ കണക്കിലെടുക്കുമോ; വിശദമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

വിഴിഞ്ഞം തുറമുഖ പദ്ധതി

*15 ശ്രീ. എം. എ. വാഹീദ്
,, കെ. മുരളീധരൻ
,, എ.റ്റി. ജോർജ്
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) വിഴിഞ്ഞം രാജ്യാന്തര തുറമുഖ പദ്ധതി യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ;

(സി) പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ;

(ഡി) പദ്ധതിയനുസരിച്ചുള്ള നിർമ്മാണ പ്രവർത്തനങ്ങൾ എന്ന് തുടങ്ങാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമം</u>

*16 ശ്രീ. കെ. വി. വിജയദാസ്
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. ജി. സുധാകരൻ
,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നിലവിലുള്ള ഭരണനിർവ്വഹണ സംവിധാനത്തേയും ജീവനക്കാരേയും ഉപയോഗിച്ച് സാധാരണക്കാരുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാനുള്ള ശ്രമം നടത്തുമോ;

(ബി) ഒരു ജനാധിപത്യ ഭരണസംവിധാനത്തിൽ ദുരിതമനുഭവിക്കുന്നവർക്ക് ആശ്വാസമേകുന്ന പദ്ധതികൾക്ക് രൂപം നൽകി, നിർവ്വഹണ സംവിധാനങ്ങളിലൂടെ അർഹതയുള്ളവരെ കണ്ടെത്തി, അവർക്ക് അർഹമായ വിധത്തിൽ, സാമ്പത്തികമായും മറ്റു വിധത്തിലുമുള്ള സഹായമെത്തിക്കുമോ;

(സി) ദുരിതാശ്വാസ നിധിയിൽ നിന്നും സഹായം ആവശ്യപ്പെട്ടവർക്ക് പണം അനുവദിക്കുന്നതിനപ്പുറം, വീടുകൾ അനുവദിക്കുക, വായ്പകൾ എഴുതി തള്ളുക, വൈദ്യുതി കണക്ഷൻ നൽകുക, റോഡുകൾ ഗതാഗതയോഗ്യമാക്കുക, അഴിമതി തടയുക, സ്ഥലംമാറ്റത്തിൽ മാനദണ്ഡം പാലിക്കുക, മാലിന്യം നീക്കുക, വിലക്കയറ്റം തടയുക തുടങ്ങിയ ആവശ്യങ്ങളിൽ ബഹുഭൂരിപക്ഷത്തിനും പരിഹാരമുണ്ടാക്കാൻ കഴിഞ്ഞിട്ടില്ലെന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) അധികാര വികേന്ദ്രീകരണ നടപടികളിലൂടെയും ഭരണനിർവ്വഹണ സംവിധാനം ശക്തിപ്പെടുത്തുന്നതിലൂടെയും ചട്ടങ്ങൾ കാലോചിതമാക്കുന്നതിലൂടെയും അതിനനുസൃതമായ നയസമീപനങ്ങളിലൂടെയും ജനങ്ങളുടെ ജീവിത പ്രശ്നങ്ങൾക്ക് പരിഹാരം കാണാൻ ശ്രമിക്കുമോയെന്ന് വ്യക്തമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

മുന്നോക്കസമുദായ കമ്മീഷന്‍ രൂപീകരണം

*17 ശ്രീ. തേറമ്പില്‍ രാമകൃഷ്ണന്‍
,, വി.ഡി. സതീശന്‍
,, പാലോട് രവി
,, കെ. മുരളീധരന്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുന്നോക്കസമുദായ കമ്മീഷന്‍ രൂപീകരിക്കാന്‍ തീരുമാനിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത കമ്മീഷന്റെ ഉദ്ദേശ്യലക്ഷ്യങ്ങളും പ്രവര്‍ത്തനങ്ങളും എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(സി) മുന്നോക്കസമുദായങ്ങളുടെ ക്ഷേമത്തിനായി എന്തെല്ലാം കാര്യങ്ങളാണ് കമ്മീഷന്റെ പ്രവര്‍ത്തനപരിധിയില്‍ ഉള്‍പ്പെടുത്തിയിരിക്കുന്നത്;

(ഡി) ആയതിനുവേണ്ടിയുള്ള നിയമനിര്‍മ്മാണപ്രക്രിയ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>പോലീസ് നിഷ്ക്രിയമാണെന്ന ഹൈക്കോടതി പരാമർശം</u>

*18 ശ്രീമതി ഗീതാ ഗോപി
ശ്രീ. സി. ദിവാകരൻ
,, കെ. അജിത്
,, വി. ശശി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനങ്ങളുടെ പരാതികളിൽ നടപടിയെടുക്കുന്നതിൽ പോലീസ് നിഷ്ക്രീയമാണെന്ന ഹൈക്കോടതി പരാമർശം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ ഇത്തരത്തിൽ പോലീസ് നിഷ്ക്രിയമാകാനുണ്ടായ കാരണങ്ങൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ ;

(ബി) പോലീസ് പീഡനം ആരോപിച്ചും പോലീസ് സംരക്ഷണം ആവശ്യപ്പെട്ടുകൊണ്ടും ഹർജികൾ വിവിധ കോടതികളിൽ നിലവിലുണ്ടോ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ക്രമസമാധാന നില മെച്ചപ്പെടുത്തുന്നതിന് എന്ത് നടപടികളാണ് സ്വീകരിച്ചു വരുന്നതെന്ന് വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>പൊതുജനസേവനങ്ങൾക്കുള്ള യു.എൻ. അവാർഡ്</u>

*19 ശ്രീ. എം. എ. ബേബി
,, പുരുഷൻ കടലുണ്ടി
,, ജെയിംസ് മാത്യു
ശ്രീമതി. കെ. എസ്. സലീഖ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പൊതുജനസേവനങ്ങൾക്കുള്ള യു.എൻ. അവാർഡ് കേരളത്തിലെ ഏതെങ്കിലും പദ്ധതികൾക്ക് ലഭ്യമായിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) സർക്കാരിന്റേയോ സംഘടനകളുടെയോ പദ്ധതികൾക്കല്ലാതെ വ്യക്തികൾക്ക് യു.എൻ. അവാർഡ് നൽകാറുണ്ടോ; മുഖ്യമന്ത്രിയ്ക്ക് യു.എൻ. അവാർഡ് ലഭിക്കുകയുണ്ടായിട്ടുണ്ടോ;

(സി) അവാർഡിനർഹമായ പ്രസ്തുത പദ്ധതിക്ക് നോമിനേഷൻ നൽകിയത് ആരാണ്;

(ഡി) യു.എൻ. അവാർഡ് സംബന്ധിച്ച വിജ്ഞാപനവും നോമിനേഷൻ സംബന്ധിച്ച വ്യവസ്ഥകളും, യു. എൻ. സംസ്ഥാന സർക്കാരിനയച്ച കത്തുകളും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ;

(ഇ) ജനസമ്പർക്ക പരിപാടി മുഖ്യമന്ത്രിയും മുഖ്യമന്ത്രിയുടെ ഓഫീസും നേരിട്ടു നടത്തുന്ന പരിപാടിയാണോ; സർക്കാർ വകുപ്പുകൾക്ക് ഇതിൽ എന്തെങ്കിലും പങ്കാളിത്തമുണ്ടായിരുന്നുവോ?

# കേരള നിയമസഭ
# 06.01.2014–ലെ മറുപടിക്ക്

<u>പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനം</u>

*20 ശ്രീ. കെ. ശിവദാസൻ നായർ
,, ലൂഡി ലൂയിസ്
,, ഡൊമിനിക് പ്രസന്റേഷൻ
,, എ. റ്റി. ജോർജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പി.എസ്.സി. ഓൺലൈൻ പരീക്ഷാ സംവിധാനത്തിന് തുടക്കം കുറിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഇതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ എന്തെല്ലാം;

(സി) ഏതെല്ലാം പരീക്ഷകളാണ് ഈ സംവിധാനത്തിൽ നടത്തിയിട്ടുള്ളത്;

(ഡി) പി.എസ്.സി. നടത്തുന്ന എല്ലാ പരീക്ഷകൾക്കും ഈ സംവിധാനം ഏർപ്പെടുത്തുന്ന കാര്യം പരിഗണിക്കുമോ?

**കേരള നിയമസഭ**
**06.01.2014-ലെ മറുപടിക്ക്**

<u>സോളാർ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ചുള്ള ജുഡീഷ്യൽ അന്വേഷണം</u>

*21 ശ്രീ. ഇ. പി. ജയരാജൻ
ഡോ. ടി. എം. തോമസ് ഐസക്
ശ്രീ. കെ. രാധാകൃഷ്ണൻ
'' എളമരം കരീം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സോളാർ സാമ്പത്തിക തട്ടിപ്പിനെക്കുറിച്ച് അന്വേഷിക്കാനുള്ള ജുഡീഷ്യൽ അന്വേഷണ കമ്മീഷന്റെ പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ; സിറ്റിംഗ് ജഡ്ജിയെ കമ്മീഷനായി ലഭിക്കുന്നതിന് ഉതകുന്ന നിലയിൽ പ്രശ്നത്തിന്റെ ഗൗരവവും മുഖ്യമന്ത്രിയുടെയും ഓഫീസിന്റെയും പങ്ക് ഉൾപ്പെടെയുള്ള ടേംസ് ഓഫ് റഫറൻസും ഹൈക്കോടതിയെ അറിയിച്ചിരുന്നുവോ;

(ബി) ജുഡീഷ്യൽ അന്വേഷണത്തിന്റെ പരിഗണനാവിഷയങ്ങളിൽ പ്രധാനമായും ഉൾപ്പെടുത്തേണ്ടുന്ന സംഗതികൾ സംബന്ധിച്ച് എൽ.ഡി.എഫ്. സംസ്ഥാനകമ്മിറ്റി നല്കിയ കത്ത് പരിശോധിക്കുകയുണ്ടായോ; അവ പരിഗണനാ വിഷയങ്ങളിൽ ഉൾപ്പെടുത്താതിരുന്നതിന്റെ കാരണം വെളിപ്പെടുത്താമോ; സർക്കാർ തീരുമാനിച്ച് ഉത്തരവായ പരിഗണനാവിഷയങ്ങൾ എന്തെല്ലാമാണ്;

(സി) നിഷ്പക്ഷവും നീതിപൂർവ്വകവുമായ അന്വേഷണം ഉറപ്പാക്കാൻ എൽ.ഡി.എഫ്. മുന്നോട്ടുവെച്ച നിലപാട് എന്തായിരുന്നു; മുഖ്യമന്ത്രിയുടേയും ഓഫീസിന്റേയും പങ്കും ഇടപാടുകളും സംബന്ധിച്ച് ഉന്നയിക്കപ്പെട്ട ആക്ഷേപങ്ങളുടെ വസ്തുതകൾ പുറത്തുകൊണ്ടുവരാൻ എൽ.ഡി.എഫ് നിലപാടുകൾ എത്രത്തോളം അനുയോജ്യമാണെന്ന കാര്യം പരിശോധിച്ചിട്ടുണ്ടോ; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>മുപ്പത്തിയഞ്ചാം ദേശീയ ഗയിംസ്</u>

*22 ശ്രീ. വി. റ്റി. ബല്‍റാം
,, ജോസഫ് വാഴക്കന്‍
,, അന്‍വര്‍ സാദത്ത്
,, ഷാഫി പറമ്പില്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) മുപ്പത്തിയഞ്ചാം ദേശീയ ഗയിംസ് എന്നാണ് നടത്തുവാനുദ്ദേശിക്കുന്നത് എന്നു വ്യക്തമാക്കുമോ;

(ബി) ഇതോടനുബന്ധിച്ചുള്ള കളി സ്ഥലങ്ങളുടെ നിര്‍മ്മാണം ഏതു ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങള്‍ എന്തെല്ലാം;

(സി) പ്രസ്തുത ഗയിംസിനായി നവീകരിക്കുന്നതും പുതുതായി നിര്‍മ്മിക്കുന്നതുമായ സ്റ്റേഡിയങ്ങള്‍ ഏതെല്ലാമെന്ന് വിശദീകരിക്കുമോ;

(ഡി) ഇവയുടെ നിര്‍മ്മാണ പ്രവര്‍ത്തനങ്ങള്‍ സമയബന്ധിതമായി പൂര്‍ത്തിയാക്കുവാന്‍ ഭരണതലത്തില്‍ എന്തെല്ലാം സംവിധാനങ്ങള്‍ ഏര്‍പ്പെടുത്തിയിട്ടുണ്ട്; വിശദമാക്കുമോ ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

അട്ടപ്പാടിയിലെ ശിശുമരണങ്ങൾ

*23 ശ്രീ. കെ. ദാസൻ
,, എം. ഹംസ
പ്രൊഫ. സി. രവീന്ദ്രനാഥ്
ശ്രീ. വി. ചെന്താമരാക്ഷൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും**
**കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) അട്ടപ്പാടിയിലെ ശിശുമരണങ്ങൾ സംബന്ധിച്ച് ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചിന്റെ കീഴിലുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ന്യൂട്രീഷ്യനിലെ വിദഗ്ദ്ധ സംഘത്തിന്റെ കണ്ടെത്തൽ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) അട്ടപ്പാടിയിലെ വളർച്ച മുരടിച്ച കുട്ടികളെ സംബന്ധിച്ച കണ്ടെത്തലുകൾ എന്തൊക്കെയായിരുന്നു;

(സി) അട്ടപ്പാടിയിലെ ഗർഭിണികൾക്കും കുഞ്ഞുങ്ങൾക്കും മതിയായ പോഷകാഹാരവും ചികിത്സയും നൽകുന്നതിലുണ്ടായ വീഴ്ചകൾ എന്തൊക്കെയായിരുന്നു;

(ഡി) പ്രസ്തുത വീഴ്ചകൾ വരുത്തിയ ഉദ്യോഗസ്ഥർക്കെതിരെ സ്വീകരിച്ച നടപടികൾ എന്താണെന്നും പോഷകാഹാരവും ചികിത്സയും ആദിവാസികൾക്ക് ഉറപ്പാക്കുന്നതിന് എന്ത് നടപടി സ്വീകരിച്ചുവെന്നും അറിയിക്കാമോ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

<u>പതിനാലാം ധനകാര്യ കമ്മീഷന് നൽകിയ നിവേദനം</u>

*24 ശ്രീ. എ. എ. അസീസ്
,, കോവൂർ കുഞ്ഞുമോൻ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നിയോഗിച്ച പതിനാലാം ധനകാര്യ കമ്മീഷൻ കേരളത്തിൽ ആരൊക്കെയുമായി കൂടിക്കാഴ്ച നടത്തി;

(ബി) സംസ്ഥാന സർക്കാർ കമ്മീഷനുമുമ്പാകെ എന്തൊക്കെ നിർദ്ദേശങ്ങളടങ്ങിയ നിവേദനമാണ് നൽകിയതെന്ന് വ്യക്തമാക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>ആഭ്യന്തര വകുപ്പിന്റെ പ്രവര്‍ത്തനം</u>

*25 ഡോ. കെ. ടി. ജലീല്‍
ശ്രീ. ജി. സുധാകരന്‍
,, ജെയിംസ് മാത്യു
,, എ. പ്രദീപ്കുമാര്‍

താഴെ കാണുന്ന ചോദ്യങ്ങള്‍ക്ക്
**ആഭ്യന്തരവും വിജിലന്‍സും വകുപ്പുമന്ത്രി**
സദയം മറുപടി നല്‍കുമോ:

(എ) ജനങ്ങളുടെ ജീവനും സ്വത്തിനും സംരക്ഷണം നല്‍കുന്നതില്‍ സംസ്ഥാനത്തെ പോലീസ് പരാജയപ്പെട്ടതില്‍ ബഹു. കേരള ഹൈക്കോടതി വിമര്‍ശനവും ഉത്കണ്ഠയും രേഖപ്പെടുത്തിയത് ശ്രദ്ധയില്‍പ്പെട്ടിട്ടുണ്ടോ;

(ബി) ഇതിന്റെകൂടി വെളിച്ചത്തില്‍ ആഭ്യന്തരവകുപ്പിന്റെ പ്രവര്‍ത്തനം വിലയിരുത്തുകയുണ്ടായോ;

(സി) രാഷ്ട്രീയ പ്രതിയോഗികളെ തകര്‍ക്കാന്‍ പോലീസിനെ ഉപയോഗിക്കുന്നുവെന്ന ആക്ഷേപം സര്‍ക്കാര്‍ പരിശോധിച്ചിട്ടുണ്ടോ;

(ഡി) ഈ സര്‍ക്കാരിന്റെ ഇതിനകമുള്ള കാലത്തുള്ളതും മുന്‍ സര്‍ക്കാരിന്റെ ഇതേ കാലയളവിലുള്ളതുമായ ക്രൈം കേസുകളുടെ എണ്ണം താരതമ്യം ചെയ്ത് പരിശോധിച്ചിട്ടുണ്ടോ; വസ്തുതാവിവരങ്ങളുടെ അടിസ്ഥാനത്തില്‍ വിശദമാക്കാമോ;

(ഇ) എല്ലാവര്‍ക്കും നീതി ലഭിക്കാനും സംസ്ഥാനത്തെയും ജനങ്ങളെയും സംരക്ഷിക്കുന്നതിനും നടപടി സ്വീകരിക്കുമോ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

സാമൂഹ്യജീവിതത്തെ ബുദ്ധിമുട്ടിക്കുന്ന സംഘടിത പ്രതിഷേധങ്ങൾ

*26 ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി
,, എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) സംഘടിത പ്രതിഷേധ പ്രവർത്തനങ്ങൾ പൗരന്റെ സമാധാന ജീവിത/ സഞ്ചാര സ്വാതന്ത്ര്യത്തെ തടസ്സപ്പെടുത്തുന്നതും അതുമൂലമുള്ള സംഘർഷങ്ങളും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ജനസേവനത്തിന്റെ കൂടി ഭാഗമായി പ്രവൃത്തിയെടുക്കുന്ന വ്യക്തികളെയും, ജനങ്ങൾക്ക് സേവനം നൽകുന്ന സ്ഥാപനങ്ങളെയും ഉദ്യോഗസ്ഥരെയും ഉപരോധിച്ചു കൊണ്ടോ, ശാരീരികമായി നേരിട്ട് പ്രവർത്തനം തടസ്സപ്പെടുത്തിക്കൊണ്ടോ ഉള്ള സംഘടിത പ്രതിഷേധങ്ങൾ, പ്രതിഷേധിക്കാനുള്ള അവകാശമായി അംഗീകരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുള്ള സമീപനമെന്താണെന്ന് വ്യക്തമാക്കുമോ;

(സി) ജനങ്ങൾക്ക് സേവനം നൽകുന്ന സ്ഥാപനങ്ങളെയും, പൊതു സഞ്ചാര പാതകളെയും സംഘടിത ശക്തി ഉപയോഗിച്ച് ഉപരോധിക്കുകയും, പ്രവർത്തനം തടസ്സപ്പെടുത്തുകയും ചെയ്യുന്ന നടപടികൾ ഉണ്ടാകുന്നില്ലെന്ന് ഉറപ്പു വരുത്താൻ അഭിപ്രായ രൂപീകരണമുൾപ്പെടെയുള്ള നടപടികൾക്ക് ആരംഭം കുറിക്കുമോ?

# കേരള നിയമസഭ
## 06.01.2014–ലെ മറുപടിക്ക്

കണ്ണൂർ വിമാനത്താവളം പദ്ധതി

*27 ശ്രീ. എ. പി. അബ്ദുള്ളക്കുട്ടി
,, സണ്ണി ജോസഫ്
,, ഐ. സി. ബാലകൃഷ്ണൻ
,, വി. റ്റി. ബൽറാം

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) കണ്ണൂർ വിമാനത്താവളം യാഥാർത്ഥ്യമാക്കാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതിക്ക് പാരിസ്ഥിതിക അനുമതി ലഭിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ നൽകുമോ ;

(സി) പ്രസ്തുത പദ്ധതി നടപ്പാക്കുന്നതിനുള്ള ടെണ്ടർ നടപടികളുടെ തൽസ്ഥിതി വ്യക്തമാക്കുമോ ;

(ഡി) കണ്ണൂർ വിമാനത്താവളം എന്ന് മുതൽ പ്രവർത്തനമാരംഭിക്കാനാണ് ഉദ്ദേശിക്കുന്നത് ; വിശദമാക്കാമോ ?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

<u>നഗര വനവത്കരണ പദ്ധതി</u>

*28 ശ്രീ. വി. ഡി. സതീശൻ
,, സി. പി. മുഹമ്മദ്
,, റ്റി. എൻ. പ്രതാപൻ
,, എം. എ. വാഹീദ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**മുഖ്യമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) നഗര വനവത്കരണ പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ ;

(ബി) ഇതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ എന്തെല്ലാമാണ് ; വിശദാംശങ്ങൾ ലഭ്യമാക്കുമോ ;

(സി) പദ്ധതി നടത്തിപ്പിലാക്കാനായുള്ള സ്ഥലം എപ്രകാരം കണ്ടെത്താനാണ് ഉദ്ദേശിക്കുന്നത്; വിശദമാക്കാമോ ;

(ഡി) എല്ലാ ജില്ലകളിലും പദ്ധതി വ്യാപിപ്പിക്കുവാൻ ഭരണതലത്തിൽ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട് ; വിശദമാക്കാമോ ?

# കേരള നിയമസഭ
# 06.01.2014-ലെ മറുപടിക്ക്

ജനമൈത്രി പോലീസ്

*29 ശ്രീ. സി. പി. മുഹമ്മദ്
,, എ. റ്റി. ജോർജ്
,, കെ. മുരളീധരൻ
,, ആർ. സെൽവരാജ്

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) ജനമൈത്രി പോലീസ് പദ്ധതി, പരാതികൾ പരിഹരിച്ച് കാര്യക്ഷമമായി നടപ്പിലാക്കുന്നതിന് എന്തെല്ലാം കർമ്മ പദ്ധതികളാണ് ആസൂത്രണം ചെയ്തിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) ഇതു സംബന്ധിച്ച് പഠനം നടത്തുന്നതിന് ആരെയാണ് ചുമതലപ്പെടുത്തിയിട്ടുള്ളത്; വിശദാംശങ്ങൾ എന്തെല്ലാം;

(സി) പഠന റിപ്പോർട്ട് പ്രസിദ്ധീകരിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ഡി) എങ്കിൽ പ്രസ്തുത റിപ്പോർട്ടിലെ ശുപാർശകളിൻമേൽ എന്തെല്ലാം തുടർനടപടികളാണ് കൈക്കൊള്ളാനുദ്ദേശിക്കുന്നത്; വിശദാംശങ്ങൾ എന്തെല്ലാം?

# കേരള നിയമസഭ
## 06.01.2014-ലെ മറുപടിക്ക്

ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളിലെ പട്ടിക ഗോത്ര വിഭാഗങ്ങളെ സംബന്ധിക്കുന്ന ശുപാർശകൾ

*30 ശ്രീ. എൻ. ഷംസുദ്ദീൻ
,, റ്റി. എ. അഹമ്മദ് കബീർ
,, വി. എം. ഉമ്മർ മാസ്റ്റർ
,, കെ. മുഹമ്മദുണ്ണി ഹാജി

താഴെ കാണുന്ന ചോദ്യങ്ങൾക്ക്
**പട്ടികവർഗ്ഗക്ഷേമവും യുവജനകാര്യവും കാഴ്ചബംഗ്ലാവുകളും മൃഗശാലകളും വകുപ്പുമന്ത്രി**
സദയം മറുപടി നൽകുമോ:

(എ) പട്ടിക ഗോത്ര വിഭാഗം ജനതയുടെ ജീവിത സുരക്ഷാ സാഹചര്യങ്ങൾ വർദ്ധിപ്പിക്കുന്നതിനും, ജീവിത നിലവാരം മെച്ചപ്പെടുത്തുന്നതിനും ഉതകുന്ന വിധത്തിൽ എന്തെല്ലാം ശുപാർശകളാണ് ഗാഡ്ഗിൽ, കസ്തൂരിരംഗൻ റിപ്പോർട്ടുകളിൽ ഉള്ളതെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ;

(ബി) പ്രസ്തുത വിഭാഗങ്ങൾക്ക് ഹാനികരമായ ശുപാർശകൾ റിപ്പോർട്ടുകളിലുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തിലുൾപ്പെട്ടതും റിപ്പോർട്ടിനാധാരമായതുമായ പശ്ചിമഘട്ട മേഖലയിൽ പട്ടിക ഗോത്ര വിഭാഗങ്ങളുടെ അംഗസംഖ്യ എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വെളിപ്പെടുത്തുമോ;

(ഡി) ഗോത്ര മേഖലയ്ക്ക് അനുഗുണമായ ശുപാർശകൾ നടപ്പാക്കിക്കിട്ടാൻ എന്തൊക്കെ നിയമാനുസൃത നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നറിയിക്കുമോ?

കേരള നിയമസഭാ സെക്രട്ടേറിയറ്റ്, പി. ഡി. ശാരംഗധരൻ,
തിരുവനന്തപുരം, സെക്രട്ടറി.
2013 ഡിസംബർ 28.

<u>പ്രത്യേക ശ്രദ്ധയ്ക്ക്:</u> നിയമസഭാ ചോദ്യങ്ങളുടെ മറുപടി അവ സഭയിൽ ഉന്നയിക്കുന്നതിന്റെ തലേ ദിവസം വൈകുന്നേരം 5 മണിക്ക് മുമ്പായി നിയമസഭാ സെക്രട്ടേറിയറ്റിൽ എത്തിച്ചിരിക്കേണ്ടതാണ് [ചട്ടം 47(1)].